**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1298** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മാങ്കാവ്-മെതോട്ടുതാഴം റോഡ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിലെ പ്രധാന ഗതാഗതപാതകളിലൊന്നായ മാങ്കാവ്-മെതോട്ടുതാഴം റോഡ് വികസനത്തിനായി ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മാങ്കാവ്-മെതോട്ടുതാഴം റോഡ് വികസനവുമായി ബന്ധപ്പെട്ട പദ്ധതിയ്ക്കുവേണ്ടിയുള്ള എല്ലാ ഭൂമിയേറ്റെടുക്കൽ നടപടികളും പൂർത്തീകരിച്ചിട്ടുള്ളതും, ഏറ്റെടുത്ത ഭൂമി അർത്ഥനാധികാരിയായ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

**(ബി)** ഭൂമിയേറ്റെടുക്കലിനായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത ഭൂമിയേറ്റെടുക്കലിനായി ആകെ 36,16,85,399/- (മുപ്പത്തിയാറു കോടി പതിനാറ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത് രൂപ) അനുവദിച്ചിട്ടുള്ളതും, 240 ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതുമാണ്.

നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് 56 എൽ.എ.ആർ. കേസുകൾ ബഹു. കോടതിയിൽ നിലവിലുണ്ട്.

**(സി)** ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് പ്രതീക്ഷിക്കുന്ന സമയപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടത് അർത്ഥനാധികാരിയാണ്.

**സെക്ഷൻ ഓഫീസർ**